प्रेस प्रकाशनी PRESS RELEASE

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

നവംബര് 5, 2018

**1949-ലെ ബാങ്കിംഗ് റഗുലേഷന് ആക്ട്, (എഎസിഎസ്) സെക്ഷന് 35A പ്രകാരം ജാണ്പൂ (ഉത്തര്പ്രദേശ്) റിലെ ഗോമതി നാഗരിയ സഹകാരി ബാങ്ക് ലിമിറ്റഡിനുമേല് ചുമത്തിയ നിയന്ത്രണ നിര്ദ്ദേശങ്ങളുടെ കാലാവധി നീട്ടിയിരിക്കുന്നു**

റിസര്വ് ബാങ്ക് ഓഫ് ഇന്ത്യ, (ആര്ബിഐ) ജാണ്പൂറി (ഉത്തര്പ്രദേശ്) ലെ ഗോമതി നാഗരിയ സഹകാരി ബാങ്ക് ലിമിറ്റഡിനുമേല് ചുമത്തിയിരുന്ന നിയന്ത്രണ നിര്ദ്ദേശങ്ങള്, പുനരവലോകനത്തിനുവിധേയമായി, 2018 നവംബര് 11 മുതല് 2019 മെയ് 10 വരെ ആറുമാസക്കാലത്തേക്കുകൂടി ദീര്ഘിപ്പിച്ചിരിക്കുന്നു. 1949-ലെ ബാങ്കിംഗ് റഗുലേഷന് ആക്ട്, സെക്ഷന് 35എ (എഎസിഎസ്) പ്രകാരം, 2017 ജൂലൈ 03-ലെ ഉത്തരവനുസരിച്ച്, ബാങ്ക് 2017 ജൂലൈ 10-ന് ബിസിനസ് അവസാ നിപ്പിച്ച സമയം മുതല് നിയന്ത്രണ നിര്ദ്ദേശങ്ങള്ക്ക് വിധേയമായിരുന്നു.

2018 ഒക്ടോബര് 30-ന് ആര്.ബി.ഐ. പുറപ്പെടുവിച്ച ഉത്തരവിന്പ്രകാരം, മുകളില് പറഞ്ഞിട്ടുള്ള നിയന്ത്രണ നിര്ദ്ദേശങ്ങള് ഭേദഗതിചെയ്യുകയോ, അതിന്റെ കാലാവധി ദീര്ഘിപ്പിക്കുകയോ, ചെയ്തിട്ടുണ്ട്. 2018 ഒക്ടോബര് 30-ന് പുറപ്പെടുവിച്ച ഉത്തരവിന്പ്രകാരം, ഏറ്റവും ഒടുവില് 2018 നവംബര് 10 വരെ ദീര്ഘിപ്പിച്ചിരുന്ന നിര്ദ്ദേശങ്ങളുടെ കാലാവധി, 2018 നവംബര് 11 മുതല് 2019 മെയ് 10 വരെ, പുനരവലോകനത്തിനു വിധേയമായി. ആറുമാസത്തേക്കുകൂടി ദീര്ഘിപ്പിച്ചു. പൊതുജനങ്ങള് വായിച്ചറിയുവാന്വേണ്ടി, 2018 ഒക്ടോബര് 30-ലെ ഉത്തരവിന്റെ ഒരു കോപ്പി ബാങ്കിന്റെ മന്ദിരത്തില് പ്രദര്ശിപ്പിച്ചിട്ടുണ്ട്.

റിസര്വ്ബാങ്ക് നിയന്ത്രണ നിര്ദ്ദേശങ്ങളുടെ കാലാവധി ദീര്ഘിപ്പിച്ചു നല്കി എന്നതിനാല് ബാങ്കിന്റെ സാമ്പത്തികനിലയില് എന്തെങ്കിലും പുരോഗതിയോ ക്ഷയമോ ഉണ്ടായിട്ടുണ്ടെന്നു കരുതേണ്ടതില്ല. സാഹചര്യങ്ങളനുസരിച്ച് റിസര്വ്ബാ ങ്ക് നിയന്ത്രണ നിര്ദ്ദേശങ്ങളില് ഭേദഗതി വരുത്തുന്നത് പരിഗണിക്കുന്നതായിരിക്കും.

**അജിത് പ്രസാദ്**
അസിസ്റ്റന്റു അഡ്വൈസര്

**പ്രസ്സ് റിലീസ് 2018-2019/1050**